**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 402** **16-09-2025 - ൽ മറുപടിയ്ക്ക്**

**കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾക്കായി ആരംഭിച്ച കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ ടി പ്രവർത്തനങ്ങൾക്ക് പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | **സംസ്ഥാനത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾക്കായി ആരംഭിച്ച കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ സേവനങ്ങൾ നൽകുന്നതിൽ പര്യാപ്തമാണ്.** |
| (ബി) | എങ്കിൽ എന്തെല്ലാം സേവനങ്ങളാണ് കെ-സ്മാർട്ട് വഴി നൽകുവാൻ കഴിഞ്ഞിട്ടുള്ളത്; | (ബി) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള എല്ലാ സേവനങ്ങളും കെ സ്മാർട്ട് മുഖേനയാണ് ലഭ്യമാക്കുന്നത്. നിലവിൽ ഹ്യൂമൻ റിസോഴ്സസ് മാനേജ്മെന്റ് സിസ്റ്റം, സിവിൽ രജിസ്ട്രേഷൻ , വസ്തു നികുതി, ഫിനാൻസ് മൊഡ്യൂൾ, ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സിസ്റ്റം, ബിസിനസ് ഫെസിലിറ്റേഷൻ ( വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഉള്ള ലൈസൻസുകൾ), ബിൽഡിംഗ് പെർമിഷൻ മൊഡ്യൂൾ,പൊതുജന പരാതി പരിഹാരം എന്നീ മൊഡ്യൂളുകൾ ലഭ്യമാണ്. |
| (സി) | സംസ്ഥാനത്ത് ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | കേരളത്തിലെ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും കെ സ്മാർട്ട് സോഫ്റ്റ് വെയർ വിന്യസിച്ചിട്ടുണ്ട് |
| (ഡി) | സ്കൂൾ കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, ഓർഫനേജുകൾ തുടങ്ങിയ നികുതി ഒഴിവാക്കപ്പെട്ട പൊതുസ്ഥാപനങ്ങളെക്കൂടി കെട്ടിട രജിസ്ട്രേഷൻ സോഫ്റ്റ്‌വെയറിലേക്ക് ഉൾക്കൊള്ളിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (ഡി) | ഉണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമായിട്ടുള്ള മുഴുവൻ കെട്ടിടങ്ങളും കെ സ്മാർട്ട് സോഫ്റ്റ്‌വെയറിലേക്ക് ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഇ) | ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളെക്കൂടി കെട്ടിട രജിസ്ട്രേഷൻ സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമായിട്ടുള്ള മുഴുവൻ കെട്ടിടങ്ങളും കെ സ്മാർട്ട് സോഫ്റ്റ്‌വെയറിലേക്ക് ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ